പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 427 27.09.2016-ൽ മറുപടിയ്ക്ക്

# സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.രാജു എബ്രഹാം:** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ബി. പി. എൽ. വിഭാഗത്തിൽ പ്പെട്ടവർക്കും വീടുകളിലേക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഉണ്ട്. 31.03.2017-ഓടു കൂടി സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും നടത്തിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ കരട് പട്ടിക 09.09.2016-ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന പിഴവുകൾ ഒഴിവാക്കിയുംവിട്ടുപോയിട്ടുള്ള ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 സെപ്റ്റംബറിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടു കൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് |

നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| (ബി) | അപേക്ഷ നൽകാൻ നിശ്ചയിച്ചിരുന്ന അവസാന തീയതിക്കു ശേഷവും അപേക്ഷ നൽകാൻ ആൾക്കാർ ഉണ്ടായ സാഹചര്യത്തിൽ അവർക്കു കൂടി അപേക്ഷ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തുടക്കത്തിൽ ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ നൽകുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31.7.2016 ആണ്. എന്നാൽ ഈ സമയം പര്യാപ്തമല്ല എന്നു തോന്നിയതിനാൽ പ്രസ്തുത തീയതി 08.09.2016 വരെ ദീർഘിപ്പിച്ചിരുന്നു. ടി തീയതി വരെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് അന്തിമ പട്ടിക തയ്യാറാക്കുന്നത് വരെ പേര് ചേർക്കാൻ അവസരം നൽകിയിട്ടുണ്ട്. |
| (സി) | ഇതിനോടകം എത്ര അപേക്ഷകളാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | 19.9.2016-ലെ കണക്കനുസരിച്ച് 107153 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവ - 107153<br>എസ്.സി. വിഭാഗത്തിലുള്ളവ - 32541<br>എസ്.റ്റി. വിഭാഗത്തിലുള്ളവ - 17576 |

Hemalatha

**സെക്ഷൻ ഓഫീസർ**